Government of Kerala

S. HARIKISHORE IAS
Executive Director

കുടുംബശ്രീ
Kudumbashree
(State Poverty Eradication Mission)
www.kudumbashree.org

*അ.ഔ. കത്ത് 777/എം/2017/കെ.എസ്.എച്ച്.ഒ. തീയതി 24/04/2018*

പ്രിയപ്പെട്ട ഷൈജു. കെ. ആർ,

**വിഷയം :** **കടുംബശ്രീ: 2018-19 പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നത് - സംബന്ധിച്ച്**

സൂചന: 2018 ഏപ്രിൽ 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന വാർഷിക പദ്ധതി റോൾഔട്ട് ശില്പശാലയിലെ ചർച്ച

2017-18 സാമ്പത്തിക വർഷം വളരെ നല്ല രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി മികച്ച നേട്ടം കൈവരിച്ചതിന് ഒരിക്കൽക്കൂടി താങ്കളെയും ടീമിനെയും അഭിനന്ദിക്കട്ടെ.

2018-19 സാമ്പത്തിക വർഷം കുടുംബശ്രീ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള കൃത്യമായ അറിവ് 2018 ഏപ്രിൽ 17, 18 തീയതികളിൽ നടന്ന ശില്പശാലയിൽ ലഭിച്ചിട്ടുണ്ടാകുമെന്ന് കരുതട്ടെ. കുടുംബശ്രീ കലോത്സവത്തിന്റെ തിരക്കുകൾ ഒഴിഞ്ഞ ഉടനെ ജില്ലാതലത്തിൽ അർബൻ ഉൾപ്പെടെയുള്ള എല്ലാ ജില്ലാ പ്രോഗ്രാം മാനേജർമാരുടെയും ഒരു യോഗം വിളിക്കേണ്ടതും, വാർഷിക കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് ജില്ലാതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2018-19 വർഷത്തിൽ കുടുംബശ്രീ മിഷൻ പ്രാഥമികമായി നേടാനാഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ ഈ കത്തിന് അനുബന്ധമായി ചേർക്കുന്നു. 2018 ജൂൺ 11, 12 തീയതികളിൽ തിരുവനന്തപുരത്തു വച്ച് നടക്കുന്ന പ്ലാൻ റിവ്യൂ മീറ്റിംഗിൽ നിങ്ങളോരോരുത്തരും നേടേണ്ട പുരോഗതിയും അനുബന്ധമായി നൽകിയിട്ടുണ്ട്. കർമ്മനിരതമായി, ലക്ഷ്യത്തോടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയി ഈ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് മികച്ച തുടക്കം നൽകാൻ അടുത്ത ആറാഴ്ചക്കാലം നിങ്ങളുടെ ടീമിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ആത്മാർത്ഥതയോടെ,

**എസ്. ഹരികിഷോർ**

**ശ്രീമതി/ശ്രീ.** ഷൈജു. കെ. ആർ

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

**കുടുംബശ്രീ** തിരുവനന്തപുരം **ജില്ല**



TRIDA Building, Medical College PO, Thiruvananthapuram 695 011
telefax - +91 471 2554 714, 2554 715, 2554 716, 2554 717
mobile - +91 944 6268 401
kudumbashree1@gmail.com

# കുടുംബശ്രീ ലക്ഷ്യങ്ങൾ 2018-2019

## I. സംഘടനാ

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ-9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | **ഹരിത അയൽക്കൂട്ടം – ആരോഗ്യ ജാഗ്രത ക്യാമ്പയിൻ** 2.7 ലക്ഷം അയൽക്കൂട്ടങ്ങളിലും നടപ്പിലാക്കുക. | a) എ.ഡി.എസ്.തല കോർണർ മീറ്റിംഗുകൾ സംഘടിപ്പിക്കുക.<br>b) പകർച്ചവ്യാധി എങ്ങനെ പ്രതിരോധിക്കാം എന്നത് സംബന്ധിച്ച് അയൽക്കൂട്ട യോഗങ്ങളിൽ ചർച്ച.<br>c) മാലിന്യ രഹിത അയൽക്കൂട്ട ഭവനവും അയൽക്കൂട്ടവും (വൃത്തിയാക്കൽ).<br>d) ജല സംരക്ഷണം, മലിന ജലം ശാസ്ത്രീയമായി സംസ്കരിക്കൽ.<br>e) ഫലവൃക്ഷ തൈ ഉല്പാദനവും നട്ടുവളർത്തലും.<br>f) അയൽക്കൂട്ട കുടുംബാംഗങ്ങളുടെ വീടുകളിൽ പച്ചക്കറി കൃഷി. |
| 2 | കുടുംബശ്രീ 20-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി **അരങ്ങ് 2018, വാർഷികം സംസ്ഥാനതല പരിപാടി** എന്നിവ സംഘടിപ്പിക്കുക. | a) അരങ്ങ് ജില്ലാതല മത്സരങ്ങൾ മെയ് 1 ന് മുൻപായി പൂർത്തീകരിക്കുക.<br>b) അരങ്ങ് സംസ്ഥാനതല മത്സരങ്ങൾ മെയ് 4, 5, 6 തീയതികളിൽ സംഘടിപ്പിക്കുക.<br>c) സംസ്ഥാനതല മത്സരങ്ങളുടെ വീഡിയോ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക.<br>d) സംസ്ഥാനതല മത്സര വിജയികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ബ്രോഷർ തയ്യാറാക്കി വിതരണം ചെയ്യുക. |
| 3 | കുടുംബശ്രീ 20-ാം വാർഷിക വാർഷിക ആഘോഷങ്ങളുടെ ഭാഗമാക്കിയ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും **മികച്ച സി.ഡി.എസ്സുകളെ തെരെഞ്ഞെടുത്ത്** ആദരിക്കുക. | a) ജില്ലാ തലത്തിൽ മികച്ച 3 സി.ഡി.എസ്സുകളെ തെരഞ്ഞെടുക്കുക.<br>b) സംസ്ഥാന തലത്തിൽ മികച്ച 3 സി.ഡി.എസ്സുകളെ തെരഞ്ഞെടുക്കുക. |
| 4 | കുടുംബശ്രീ **കമ്മ്യൂണിറ്റി റേഡിയോ മലപ്പുറം ജില്ലയിൽ** നടപ്പിലാക്കുക – അയൽക്കൂട്ട അംഗങ്ങൾക്ക് കുടുംബശ്രീ പദ്ധതികളെക്കുറിച്ചും മറ്റു സർക്കാർ സേവനങ്ങളെക്കുറിച്ചും അറിവ് നൽകുന്നതിന് കമ്മ്യൂണിറ്റി റേഡിയോ സഹായകരമാകും. | a) കമ്മ്യൂണിറ്റി റേഡിയോ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ലൈസൻസിനുള്ള അപേക്ഷ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുക<br>b) റേഡിയോ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക |
| 5 | കുടുംബശ്രീ സി.ഡി.എസ്., എ.ഡി.എസ്. അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ കുടുംബശ്രീ ഉദ്യോഗസ്ഥർ, എന്നിവർക്കുള്ള **പരിശീലനങ്ങൾ** സംഘടിപ്പിക്കുക. | a) കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ പരിശീലനം പൂർത്തീകരിക്കുക<br>b) ജനപ്രതിനിധികളുടെ ശില്പശാല ജില്ലാ തലത്തിൽ പൂർത്തീകരിക്കുക<br>c) സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ പരിശീലനം ആരംഭിക്കുക. |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 6 | <u>**ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിൻ–**</u><br>കുടുംബശ്രീയിൽ ഇനിയും **അംഗമാകാത്ത അർഹരായ** മുഴുവൻ **കുടുംബങ്ങളെയും** കുടുംബശ്രീ **അയൽക്കൂട്ടങ്ങളിൽ ഉൾപെടുത്തുക**. പ്രത്യേകിച്ചും തീരദേശം, പ്ലാന്റേഷൻ, എസ്.ടി., എസ്.സി. മേഖലകൾക്ക് കൂടുതൽ പരിഗണന – 4,000 പുതിയ അയൽക്കൂട്ടങ്ങൾ, 40,000 കുടുംബങ്ങൾ | a) സി.ഡി.എസ്സിലെ ആകെ കുടുംബങ്ങളുടെ എണ്ണവും കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗത്വമെടുത്തിട്ടുള്ള കുടുംബങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യ റിപ്പോർട്ട് തയ്യാറാക്കുക.<br>b) ഇനിയും അംഗമാകാൻ ബാക്കിയുള്ള കുടുംബങ്ങളുടെ വിവരങ്ങൾ വാർഡ് തിരിച്ചു തയ്യാറാക്കുക |
| 7 | <u>**ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിൻ–**</u><br>2.7 ലക്ഷം അയൽക്കൂട്ടങ്ങളിലും **മൈക്രോ പ്ലാൻ തയ്യാറാക്കുക –** അയൽക്കൂട്ട അംഗങ്ങളുടെ നിലവിലുള്ള സാഹചര്യത്തിനനുസരിച് അയൽക്കൂട്ടം തയ്യാറാക്കുന്ന ഡിമാൻഡ് പ്ലാൻ ആണിത്. ഇത് കുടുംബശ്രീ സി.ഡി.എസ്./കുടുംബശ്രീ മിഷന് ഏറ്റവും ഉചിതമായ പദ്ധതികൾ പ്ലാൻ ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാകും. | a) മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് തയ്യാറാക്കുക<br>b) കുടുംബശ്രീ ജില്ലാ മിഷനുകൾ, റിസോഴ്സ് പേഴ്സൺമാർ, അയൽക്കൂട്ട, എ.ഡി.എസ്., സി.ഡി.എസ്. ഭാരവാഹികൾ എന്നിവർക്ക് പരിശീലനം നൽകുക |
| 8 | <u>**ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിൻ–**</u><br>ഓരോ ജില്ലയിലും **പ്രവർത്തന രഹിതമായ 10% അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുക.** (1,500 അയൽക്കൂട്ടങ്ങൾ) | a) സി.ഡി.എസ്തലത്തിൽ പ്രവർത്തന രഹിത മായ അയൽക്കൂട്ടങ്ങൾ കണ്ടെത്തുക.<br>b) ഇപ്രകാരം കണ്ടെത്തിയ അയൽക്കൂട്ട ങ്ങളിൽ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുന്നവയെ പ്രവർത്തനസജ്ജ മാക്കുന്ന തിനാവശ്യമായ പ്രവർത്ത പരിപാടികൾ തയ്യാറാക്കുക. |
| 9 | <u>**ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിൻ–**</u><br>ഗ്രാമ പ്രദേശങ്ങളിലെ കുടുംബശ്രീ **അയൽക്കൂട്ടങ്ങളുടെ** മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ ഉൾപ്പെടെ **ഡിജിറ്റലൈസ്** ചെയ്യുക, സി.ഡി.എസ് തലത്തിൽ കമ്മ്യൂണിറ്റി ഫണ്ട് ട്രാക്കിംഗ് സിസ്റ്റം തയ്യാറാക്കുക (**TBSDAS**) | a) അയൽക്കൂട്ടങ്ങളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ (TBSDAS) പൂർത്തീകരി ക്കുക. |
| 10 | തീരദേശ അയൽക്കൂട്ടങ്ങൾക്ക് **റിവോൾവിങ്ങ് ഫണ്ട്** | a) റിവോൾവിങ്ങ് ഫണ്ട് അർഹതയുള്ള തീരദേശ അയൽക്കൂട്ടങ്ങളുടെ അപേക്ഷ തീരദേശ സി.ഡി.എസ്സുകളിൽ നിന്നും സ്വീകരിക്കുക.<br>b) തീരദേശ വോളന്റീയർമാരുടെ പ്രവർത്തന ങ്ങൾ എല്ലാ മാസവും മോണിറ്റർ ചെയ്യുക. അയൽക്കൂട്ട രൂപീകരണം, സംരംഭ ഗ്രൂപ്പ് രൂപീകരണം എന്നിവ ചുമതല നൽകുക |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ-9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 11 | ഒരു സി.ഡി.എസ്സിൽ കുറഞ്ഞത് 2 **പ്രത്യേക അയൽക്കൂട്ടങ്ങൾ** വീതം ആകെ 2,130 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക. | a) പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗമാകാൻ അർഹരായവരെ സി.ഡി.എസ്.തലത്തിൽ കണ്ടെത്തുക<br>b) അർഹരായവരെ നിലവിലുള്ള പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗമാകുക/പുതിയ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക. |
| 12 | **<u>ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിൻ-</u>**<br>2.77 ലക്ഷം അയൽക്കൂട്ടം, 19,489 എ.ഡി.എസ്., **1,065** സി.ഡി.എസ്. തലത്തിൽ **പങ്കാളിത്ത ആസൂത്രണം** നടത്തി **തദ്ദേശഭരണ** സ്ഥാപന **പ്ലാനുമായി സംയോജനം**. | |
| 13 | **<u>ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പയിൻ-</u>**<br>2.77 ലക്ഷം അയൽക്കൂട്ടങ്ങളെയും 19,489 എ.ഡി.എസ്സുകളെയും 1,065 സി.ഡി.എസ്സുകളെയും **ഗ്രഡേഷൻ** നടത്തി **മെന്റർ അയക്കൂട്ടങ്ങൾ, എ.ഡി.എസ്സുകൾ, സി.ഡി.എസ്സുകൾ** എന്നിവയെ തെരഞ്ഞെടുക്കുക.<br>• 5,300 മെന്റർ അയക്കൂട്ടങ്ങൾ<br>• 140 മെന്റർ എ.ഡി.എസ്സുകൾ<br>• 107 മെന്റർ സി.ഡി.എസ്സുകൾ | |
| 14 | 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലെ 43 ലക്ഷം കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് **കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടം** നടപ്പിലാക്കും. | |

## *II. <u>മൈക്രോ ഫിനാൻസ്</u>*

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ-9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | **പലിശ സബ്സിഡി സ്കീം:-**<br>4% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാകുന്ന തരത്തിൽ പലിശയിളവ് നൽകുക | പലിശ സബ്സിഡി മാർഗ്ഗരേഖ ഭേദഗതി വരുത്തി ജില്ലകൾക്ക് നൽകുക. |
| 2 | 20 ലക്ഷം **അയൽക്കൂട്ടങ്ങൾക്ക് ലൈഫ് ഇൻഷുറൻസ്** പരിരക്ഷ ഉറപ്പാക്കുക | ഇൻഷ്വറൻസ് ആർ.പിമാരെ തിരഞ്ഞെടുത്ത് പരിശീലനം നൽകി എൻറോൾമെന്റ് ക്യാമ്പയിൻ ആരംഭിക്കുക |
| 3 | എല്ലാ അയൽക്കൂട്ടങ്ങളുടെയും **മൈക്രോ കെഡിറ്റ് പ്ലാൻ** തയ്യാറാക്കുക | സി.ഡി.എസ്.തല ആർ.പിമാരെ കണ്ടെത്തി സാമ്പത്തിക സാക്ഷരതാ ക്യാമ്പയിൻ ആരംഭിക്കുക |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 4 | **മൈക്രോ ക്രെഡിററ് സമ്മിറ്റിന്റെ** ഭാഗമായി അയൽക്കൂട്ടതല **വിവരശേഖരണം** നടത്തുക | പ്രാഥമിക വിവരശേഖരണത്തിനായി സർവ്വെ നടത്തുക |
| 5 | ഒരു ലക്ഷം അയൽക്കൂട്ടങ്ങളിൽ **കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് ചിട്ടി** ആരംഭിക്കുക | പദ്ധതി രൂപീകരണം |
| 6 | **ശ്രീ ബാങ്ക്** രൂപീകരണം | ശ്രീനിധി ബാങ്ക് സന്ദർശിച്ച് റിപ്പോർട്ട് അവതരിപ്പിക്കുക |
| 7 | പുതുതായി ബാങ്ക് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് **മാച്ചിംഗ് ഗ്രാന്റ്** ലഭ്യമാക്കുക | ഇതുവരെ മാച്ചിംഗ് ഗ്രാന്റ് ലഭിച്ച അയൽക്കൂട്ടങ്ങളുടെ വിവരശേഖരണം നടത്തുക |
| 8 | സംഘാടനാ സംവിധാനത്തിന്റെ **2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ്** നടത്തുക. | സി.ഡി.എസ്. ഓഡിറ്റ് പൂർത്തിയാക്കുക |

## *III. <u>സൂക്ഷ്മ സംരംഭങ്ങൾ</u>*

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | **പുതിയ കൺസ്ട്രക്ഷൻ യൂണിറ്റുകളുടെ രൂപീകരണം കൂടാതെ നിലവിൽ പരിശീലനം പൂർത്തീകരിച്ച നിർമ്മാണ യൂണിറ്റുകൾക്ക് തൊഴിൽ ലഭ്യമാക്കുക:-**<br><br>കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും, കൂടാതെ പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനും കുടുംബശ്രീയുടെ നിർമ്മാണ യൂണിറ്റുകളെ ഏൽപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഇവർക്ക് ലഭിക്കുന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പുതിയ നിർമ്മാണ യൂണിറ്റുകൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. | 1. ജില്ലകളിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 52 നിർമ്മാണ യൂണിറ്റുകൾക്ക് 25 ദിവസം തൊഴിൽ ലഭ്യമാക്കുന്നതിനായി ഉറപ്പ് വരുത്തുക<br>2. പുതിയ പത്ത് യൂണിറ്റുകൾക്ക് പരിശീലനം നൽകുക |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ-9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 2 | **സിമന്റ് ബ്രിക്ക് യൂണിറ്റുകൾ രൂപീകരിക്കുക കൂടാതെ നിലവിൽ പരിശീലനം പൂർത്തീകരിച്ച സിമന്റ് ബ്രിക്ക് യൂണിറ്റുകൾക്ക് തൊഴിൽ ലഭ്യമാക്കുക:-**<br>കേരള സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2.50 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് 15 കോടി സിമന്റ് ബ്രിക്കുകൾ ആവശ്യമായിട്ടുണ്ട്. ആയത് ജില്ലകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സിമന്റ് ബ്രിക്ക് യൂണിറ്റുകൾ വഴി പൂർത്തീകരിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി പഞ്ചായത്തുകാരുമായി സഹകരിച്ച് നിലവിൽ പ്രവർത്തിക്കുന്ന നിർമ്മാണ യൂണിറ്റുകളെയും, പുതുതായി കണ്ടെത്തിയ യൂണിറ്റുകളെയും ഉൾപ്പെടുത്തി സിമന്റ് കട്ടകൾ നിർമ്മിക്കുകയും, ആയതുവഴി യൂണിറ്റുകൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കുക | 1. നിലവിൽ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന 33 സമിന്റ് ബ്രിക്ക് യൂണിറ്റുകളെ പഞ്ചായത്തുകളുടെ സിമന്റ് കട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക.<br>2. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട കുടുംബശ്രീ വനികളെ ഉൾപ്പെടുത്തി ഒരു ജില്ലയിൽ കുറഞ്ഞത് 3 യൂണിറ്റുകൾ രൂപീകരിക്കുക.<br>3. ജില്ലയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകൾ ഏറ്റവും കൂടുതൽ അനവദിച്ച 3 പഞ്ചായത്തുകളിൽ സിമന്റ് ബ്രിക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ, ജലലഭ്യത, സിമന്റ്, മണൽ, മെറ്റൽ എന്നിവ പഞ്ചായത്ത് മുഖേന ഉറപ്പാക്കുകയും, ഈ പഞ്ചായത്തിലേയ്ക്ക് ആവശ്യമായ സിമന്റ് കട്ടകൾ നിർമ്മിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി യൂണിറ്റുകൾ സ്ഥാപിക്കുക.<br>4. ജില്ലയിൽ കുറഞ്ഞത് രണ്ട് ഗ്രൂപ്പുകൾക്ക് സിമന്റ് ബ്രിക്ക് നിർമ്മാണ പരിശീലനം പൂർത്തീകരിക്കുക.<br>5. ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന സിമന്റ് ബ്രിക്ക് യൂണിറ്റുകൾക്ക്, തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയ മായ മെഷിനറികൾ (Aurum press, Terstara, Cinvaram, Mardini, TARA-Balram) വാങ്ങിക്കുന്നതിന് ലോൺ നടപടികൾ പൂർത്തീകരിക്കുക. |
| 3 | **ഇ-സേവാകേന്ദ്രങ്ങൾ:-** സംസ്ഥാനത്തുട നീളം മോട്ടോർ വാഹന വകുപ്പിന്റെ ആർടിഒ/സബ്-ആർടിഒ ഓഫീസുകളിൽ ഇ-സേവ കേന്ദ്രങ്ങൾ ആരംഭിക്കൽ | ഓരോ ജില്ലയിലും രണ്ടുവീതം ഇ-സേവ കേന്ദ്രങ്ങൾ ആരംഭിക്കണം |
| 4 | **കോമൺ ഫെസിലിറ്റി സെന്റർ:-**<br>സംസ്ഥാനത്ത് 19 കോമൺ ഫെസിലിറ്റി സെന്ററുകൾ പ്രവർത്തന സജ്ജമാക്കൽ | പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ച് സംസ്ഥാന മിഷനിൽ നിന്ന് അംഗീകാരം ലഭിച്ച മുഴുവൻ കോമൺ ഫെസിലിറ്റി സെന്ററുകളും ആരംഭിക്കുക.<br>1. കോമൺ ഫെസിലിറ്റി സെന്ററുകളിലേ യ്ക്ക് ആവശ്യമായ മെഷിനറികളുടെ ഇ-ടെൻഡർ നടപടി സ്വീകരിക്കുക.<br>2. സിഎഫ്സികളിലെ അടിസ്ഥാന സൗകര്യം മെച്ചെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>3. സി.എഫ്.സി.ക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പരിശീലനം പൂർത്തീകരിക്കുക. |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 5 | **ഹർഷം:–**<br>(കുടുംബശ്രീ ജരിയാട്രിക്കെയർ പ്രോജക്ട്) വയോജന പരിപാലനത്തിനായി 1000 കുടുംബശ്രീ വനികൾക്ക് വിദഗ്ധപരിശീലനം ലഭ്യമാക്കി ജീവനോപായ മാർഗ്ഗം കണ്ടെത്താൻ സഹായിക്കുക. | ഈ പദ്ധതിയിലേയ്ക്ക് താത്പര്യമുള്ള 50 കുടുംബശ്രീ വനിതകളെ ജില്ലാടിസ്ഥാനത്തിൽ കണ്ടെത്തുക, ഓറിയന്റേഷൻ ട്രെയിനിംഗ് നടത്തുക, പരിശീലനം പൂർത്തീകരിച്ചവർക്ക് ജീവനോപാധി ലഭ്യമാക്കുക. |
| 6 | **ഹരിത കർമ്മസേന**<br>തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹരിതകർമ്മസേന പരിശീലനം പൂർത്തീകരിച്ച് മൈക്രോസംരംഭങ്ങ ളാക്കി മാറ്റുക | ഓരോ ജില്ലയും കുറഞ്ഞത് 10 ഹരിതകർമ്മസേന മൈക്രോസംരംഭങ്ങൾ വീതം ആരംഭിക്കുക. |
| 7 | **കയർ**<br>30 ചകിരിനാരുൽപ്പാദന കേന്ദ്രങ്ങൾ ജില്ലാടിസ്ഥാനത്തിൽ ആരംഭിച്ച് കുടുംബശ്രീ വനിതകൾക്ക് ജീവനോപായമാർഗ്ഗമാക്കി മാറ്റുക | ഓരോ ജില്ലയും ചകിരിനാരുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായ കുറഞ്ഞത് 2 സ്ഥലങ്ങൾ വീതം കണ്ടെത്തി ആവശ്യമായ പരിശോധനകൾ പൂർത്തീകരിച്ച്, സാക്ഷ്യപത്രങ്ങൾ നേടിയെടുക്കുക. |
| 8 | **മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്** | പുതിയ എം.ഇ.സി മാരുടെ തിരഞ്ഞെടുപ്പും പരിശീലനവും പൂർത്തിയാക്കും |
| 9 | **സാന്ത്വനം** | പരിശീലനം നൽകിയതിൽ പൊസിഷൻ ചെയ്യാൻ സാധിക്കാത്ത 144 സാന്ത്വനം വോളന്റിയേഴ്സിനെ പ്രവർത്തന സജ്ജമാക്കുക. |
| 10 | **എം.ഇ യൂണിറ്റുകളുടെ രൂപീകരണം** | സി.ഡി.എസ്. തലത്തിൽ ജിഒടി പരിശീലനം പൂർത്തിയാക്കും. |
| 11 | **കെ.എ.എസ്.ഇ. പരിശീലനം** | ഡ്രൈവിംഗ്, ജീറിയാട്രിക് കെയർ മേഖലയിൽ കെ.എ.എസ്.ഇ. പരിശീലനം പൂർത്തിയാക്കും |
| 12 | **കഫേ ബ്രാന്റിംഗ്** | എല്ലാ ജില്ലയിലും 30 കഫേ യൂണിറ്റുകൾ വീതം ബ്രാന്റ് ചെയ്ത് ഏകീകരിച്ച ബോർഡ് പ്രദർശിപ്പിക്കും |
| 13 | **തീരദേശ എം.ഇ യൂണിറ്റുകളുടെ രൂപീകരണം** | 9 തീരദേശ ജില്ലകളിൽ 12 വ്യക്തിഗത യൂണിറ്റുകൾ, 5 ഗ്രൂപ്പ് സംരംഭങ്ങൾ |
| 14 | **എം.ഇ യൂണിറ്റുകളുടെ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് വിതരണവും** | എല്ലാ ജില്ലകളിലെയും എല്ലാ എം.ഇ യൂണിറ്റുകളുടെയും രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് വിതരണവും പൂർത്തീകരിക്കും |
| 15 | **മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് രൂപീകരണം** | എം.ഇ യൂണിറ്റുകളുടെ കൃത്യമായ മോണിറ്ററിംഗിന് മൊബൈൽ ആപ്ലിക്കേഷനും വെബ്സൈറ്റും രൂപീകരിക്കും. എല്ലാ എം.ഇ യൂണിറ്റുകളുടെയും ജിയോടാഗിംഗ് നടത്തും |
| 16 | **എം.ഇ യൂണിറ്റുകളുടെ മാസവരുമാനം കണക്കാക്കും** | എല്ലാ എം.ഇ യൂണിറ്റുകളുടെയും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വരുമാനം കണക്കാക്കും |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 17 | **നാട്ടുചന്തയിൽ എം.ഇ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ കൂടുതലായി ഉൾപ്പെടുത്തും** | നാട്ടുചന്തയിൽ എം.ഇ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ (100 ഉൽപ്പന്നങ്ങൾ/വിതരണം) കൂടുതലായി ഉൾപ്പെടുത്തും |
| 18 | **യുവ വീവ് ട്രെയിനിംഗ് ആരംഭിക്കും** ഹാൻഡ്‌ലൂം കോർപ്പറേഷനും കുടുംബശ്രീ മിഷനും ചേർന്ന് നടത്തുന്ന വീവിംഗ് ട്രെയിനിംഗ് ആരംഭിക്കും | ഹാൻഡ്‌ലൂം കോർപ്പറേഷൻ നടത്തുന്ന യുവ വീവിംഗ് ട്രെയിനിംഗ് എല്ലാ ജില്ലകളിലും ഓരോ ബാച്ച് വീതം ആരംഭിക്കും. |
| 19 | **ഗ്രീൻപ്രോട്ടോകോൾ യൂണിറ്റുകൾക്കുള്ള സബ്സിഡി ശുചിത്വമിഷനിൽ നിന്ന് ലഭ്യമാക്കും** | എല്ലാ ജില്ലകളിലും ഓരു ഗ്രീൻപ്രോട്ടോകോൾ യൂണിറ്റുവീതം ആരംഭിക്കാനുള്ള മൂലധന സബ്സിഡി ശുചിത്വമിഷനിൽ നിന്നും ലഭ്യമാക്കും |
| 20 | **ജില്ലകളിലെ ഐ.ഇ.സി. ആക്ടിവിറ്റികൾ വിപുലപ്പെടുത്തും** | ഐ.ഇ.സി.യുടെ ഭാഗമായി കോളേജ് അല്ലെങ്കിൽ സ്കൂളുകളിൽ എന്റർപ്രണർ ക്ലാസുകൾ ആരംഭിക്കും |
| 21 | **സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്‌വിഇപി)** | കേരളത്തിലെ 13 ജില്ലകളിലായി എസ്‌വിഇപി പദ്ധതിക്കായി ഒരു ബ്ലോക്ക് കണ്ടെത്തുകയും പ്രസ്തുത ബ്ലോക്കിലേയ്ക്കുള്ള എംഇസിമാരുടെ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും ചെയ്യും. |
| 22 | **വൾനറബിലിറ്റി എം.ഇ** | സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവർക്കിടയിൽ സൂക്ഷ്മസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള അറിയിപ്പുകൾ ലഭ്യമാക്കും. കൂടാതെ പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്യും. |
| 23 | **ജൻ ഔഷധി സ്റ്റോർ ജനറിക് മരുന്നുകൾ വിൽക്കുന്ന ജൻ ഔഷധി സ്റ്റോർ തുടങ്ങും** | കേരളത്തിൽ ഒരു ജൻ ഔഷധി സ്റ്റോർ ആരംഭിക്കും |
| 24 | **ന്യൂട്രിമിക്സ് ജി.ഒ** | ന്യൂട്രിമിക്സ് വില ജിഎസ്ടി കൂട്ടി ലഭ്യമാക്കുന്നതിനുള്ള ജി.ഒ ആ ലഭ്യമാക്കും |
| 25 | **ന്യൂട്രിമിക്സ് ബോർഡ്** | കേരളത്തിലെ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ പൊതുവായ രൂപകൽപ്നയിൽ നിർമ്മിച്ച ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകും |
| 26 | **ന്യൂട്രിമിക്സ് കവർ നവീകരണം** | ന്യൂട്രിമിക്സ് പാക്കിംഗ് കവറുകളിൽ സാമൂഹ്യനീതി വകുപ്പിന്റെ ലോഗോ കൂടി ഉൾപ്പെടുത്തി പായ്ക്കിംഗ് കവർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകും |

## *IV. മാർക്കറ്റിംഗ്*

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | **മാസ ചന്തകൾ**<br>152 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഓരോ മാസവും 2–3 ദിവസങ്ങൾ ലഘു സംരംഭങ്ങൽക്കായി മാസ ചന്തകൾ സംഘടിപ്പിക്കുക. 5000 ലഘു സംരംഭങ്ങളെ ഉൾപ്പെടുത്തുക. 5 കോടി രൂപ വാർഷിക വിറ്റുവരവ് നേടുക | 245 (152+87+6) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 490 മാസചന്തകൾ നടത്തുക (മെയ്, ജൂൺ) |
| 2 | **സ്പെഷ്യൽ ട്രേഡ് ഫെയറുകൾ**<br>ജില്ലാ സംസ്ഥാന തലങ്ങളിൽ 61 സ്പെഷ്യൽ ട്രേഡ് ഫെയറുകൾ (4 വീതം ജില്ലകളിൽ 5 എണ്ണം സംസ്ഥാന തലത്തിൽ) സംഘടിപ്പിക്കുക. 2000 യൂണിറ്റുകളെ പങ്കെടുപ്പിക്കുക.<br>1.5 കോടി വരുമാനം നേടുക | ജില്ലകൾ ഒരു സ്പെഷ്യൽ ട്രേഡ് ഫെയർ നടത്തുക. സംസ്ഥാന മിഷൻ മറ്റു സ്പെഷ്യൽ ഫെയറിന് അനുമതി നൽകുക |
| 3 | **സരസ് ഫെയറുകൾ**<br>സംസ്ഥാനത്ത് 2 സരസ് ഫെയറുകൾ സംഘടിപ്പിക്കുക. കുറഞ്ഞത് 28 അന്യ സംസ്ഥാന സരസ് ഫെയറുകളിൽ കുടുംബശ്രീ പങ്കെടുക്കുക. | സരസ് ഗൈഡ് ബുക്ക് പ്രസിദ്ധീകരിക്കുക, അന്യ സംസ്ഥാന സരസുകളിൽ പങ്കെടുക്കുന്നതിനായി മാർഗ്ഗ നിർദ്ദേശം നൽകുക |
| 4 | **ഫുഡ് ഫെസ്റ്റുകൾ**<br>300 കഫേ കുടുംബശ്രീ യൂണിറ്റുകളെ 80 ഫുഡ് ഫെസ്റ്റുകളിൽ പങ്കെടുത്ത് കൊണ്ട് കാറ്ററിംഗ് പരിശീലനം നൽകുകയും അതിലൂടെ അവർക്ക് 5 കോടി വരുമാനം നേടികൊടുക്കുകയും ചെയ്യുക. | ജില്ലകൾ – കുറഞ്ഞത് ഒരു ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക (സംസ്ഥാന മിഷൻ പ്രത്യേകമായി സംഘടിപ്പിക്കുന്നതിന് പുറമെ)<br>സംസ്ഥാന മിഷൻ – കുറഞ്ഞത് 3 ഫുഡ് ഫെസ്റ്റുകൾക്ക് അനുമതി നൽകുക. പുതുക്കിയ മാനദണ്ഡം തയ്യാറാക്കുക. |
| 5 | **നാനോ മാർക്കറ്റുകൾ**<br>സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 500 നാനോ മാർക്കറ്റുകൾ സ്ഥാപിക്കുക. 3 കോടി വരുമാനം ഇതിൽ നിന്ന് നേടികൊടുക്കുക | സംസ്ഥാനമിഷൻ – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുക, മാസവില്പന രേഖപ്പെടുത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.<br><br>ജില്ലകൾ<br>തിരുവനന്തപുരം 6, കൊല്ലം 5 , പത്തനംതിട്ട 4, ആലപ്പുഴ 6, കോട്ടയം 5, ഇടുക്കി 4, എറണാകുളം 14, തൃശ്ശൂർ 5, പാലക്കാട് 7, മലപ്പുറം 7, കോഴിക്കോട് 4, വയനാട് 4, കണ്ണൂർ 5, കാസർഗോഡ് 5 വീതം നാനോമാർക്കറ്റ് സ്ഥാപിക്കുക |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 6 | **ഇ–കൊമേഴ്സ് പോർട്ടൽ.**<br>5 ലക്ഷം പേരെയെങ്കിലും പോർട്ടലിനെ കുറിച്ച് ബോധവൽക്കരിക്കുക. 50,000 രജിസ്റ്റേർഡ് കസ്റ്റമേഴ്സിനെയും 5000 വിൽപ്പനയും ലക്ഷ്യമാക്കി വിവിധ പ്രമോഷൻ പ്രവർത്തനങ്ങൾ നടത്തുക. 1000 ഉൽപ്പന്നങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുക | ജില്ലകൾ – 333 ഉൽപ്പന്നങ്ങൾ പോർട്ടലിൽ സജീകരിക്കുക.(നിലവിൽ ഉള്ളത് ഉൾപ്പെടെ) തിരുവനന്തപുരം 532, കൊല്ലം 623 , പത്തനംതിട്ട 16, ആലപ്പുഴ 25, കോട്ടയം 20, ഇടുക്കി 25, എറണാകുളം 46, തൃശ്ശൂർ 28, പാലക്കാട് 36, മലപ്പുറം 28, കോഴിക്കോട് 17, വയനാട് 7, കണ്ണൂർ 20, കാസർഗോഡ് 11<br>സംസ്ഥാനമിഷൻ – സോഷ്യൽ മീഡിയ മാർക്കറ്റിംഗ്, സേർച്ച് എഞ്ചിൻ ഒപ്റ്റിമൈസേഷൻ, മറ്റ് പബ്ലിസിറ്റി മാർഗ്ഗങ്ങളിലൂടെ കുറഞ്ഞത് 4000 രജിസ്റ്റേർഡ് കസ്റ്റമേഴ്സിനെ പോർട്ടലിൽ കൊണ്ടുവരിക |
| 7 | **കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ**<br>എല്ലാ ജില്ലകളിലും സൂപ്പർമാർക്കറ്റുകൾ സ്ഥാപിച്ച് 3500 ലഘു സംരംഭങ്ങൾക്ക് സ്ഥിരം വിപണി ഉണ്ടാക്കുക. | ലഘു സംരംഭങ്ങളുടെ കൺസോർഷ്യം രൂപീകരിക്കാനുള്ള ബൈലോ തയ്യാറാക്കി ജില്ലകൾക്ക് നൽകുക., എല്ലാ ജില്ലകളിലും കൺസോർഷ്യം രൂപീകരിക്കുക. |
| 8 | **കുടുംബശ്രീ വിതരണ സംവിധാനം**<br>എല്ലാ ജില്ലകളിലും കുടുംബശ്രീയുടേതായ ഒരു വിതരണ സംവിധാനം ഏർപ്പെടുത്തുക | കുടുംബശ്രീ വിതരണ സംവിധാനത്തിന്റെ മാർഗ്ഗ നിർദ്ദേശം തയ്യാറാക്കി ജില്ലകൾക്ക് നൽകുക. |
| 9 | **ബ്രാന്റിംഗ്**<br>1000 ലഘുസംരംഭങ്ങൾക്ക് പാക്കിംഗും ലേബലിംഗും ഉൽപ്പന്നങ്ങൾ മെച്ചപ്പെടുത്താൻ പരിശീലനവും മറ്റ് സാങ്കേതിക സഹായങ്ങളും നൽകി കുറഞ്ഞത് 500 യൂണിറ്റുകളെ പ്രീമിയം യൂണിറ്റുകളായി മാറ്റുക | ആദ്യപടിയായി 150 യൂണിറ്റുകളെ തെരഞ്ഞെടുക്കുക. പരിശീലനത്തിനും മറ്റുമുള്ള നടപടിക്രമങ്ങളും പ്രോട്ടോക്കോളും തയ്യാറാക്കുക. |
| 10 | **കപ്പാസിറ്റി ബിൽഡിംഗ്**<br>മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട് കമ്യൂണിറ്റ് ഫെസിലിറ്റേഴ്സ് , ബ്ലോക്ക് കോർഡിനേറ്റേഴ്സ്, ജില്ലാ പ്രോഗ്രാം മാനേജർമാർ, സംസ്ഥാനമിഷൻ ടീം അംഗങ്ങൾ എന്നിവർക്ക് പരിശീലനം നൽകി മാർക്കറ്റിങ്ങിനായി ഒരു വിദഗ്ദ്ധ ടീമിനെ സംസ്ഥാനത്ത് തയ്യാറാക്കുക. | ഒരു റൗണ്ട് പരിശീലനം ഓരോ ടീമിനും സംഘടിപ്പിക്കുക |
| 11 | **മാർക്കറ്റിംഗ് കേഡർ/ മാർക്കറ്റിംഗ് കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺ**<br>സംസ്ഥാനത്തെ 7000 യൂണിറ്റുകളുടെയും വിപണനം ലക്ഷ്യമാക്കി 245 മാർക്കറ്റിംഗ് കേഡർ/മാർക്കറ്റിംഗ് കമ്യുണിറ്റി റിസോഴ്സ് പേഴ്സൺമാരെ റിക്രൂട്ട് ചെയ്യുക | മാർക്കറ്റിംഗ് കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശം തയ്യാറാക്കി ജില്ലകൾക്ക് നൽകുക. ജില്ലകൾ – സംസ്ഥാനമിഷന്റെ നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പും പരിശീലനവും നടത്തുക. |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 12 | **മാർക്കറ്റിംഗ് ഇൻഫർമേഷൻ സിസ്റ്റം**<br>വിവിധ വിപണികളിലെ വിറ്റ് വരവ് രേഖ പ്പെടുത്താനായി സംവിധാനം കൊണ്ടു വരിക | സംസ്ഥാനമിഷൻ – ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി സ്റ്റാർട്ട് അപ്പ് മിഷനുമായി ചർച്ച നടത്തി സംവിധാനം തയ്യാറാക്കാനായി ഒരു സ്ഥാപനത്തെ കണ്ടുപിടിച്ച് വർക്ക് ഓർഡർ നൽകുക. |
| 13 | **കഫെ യൂണിറ്റുകളുടെ ഹാൻഡ്ഹോൾഡിംഗ്** | ജില്ലകൾ – ഫുഡ് ഫെസ്റ്റിൽ പങ്കെടുക്കുന്ന കാറ്ററിംഗ് ജോലികൾ ചെയ്യുന്ന യൂണിറ്റുക ളുടെ പൂർണ്ണ വിവരങ്ങൾ സംസ്ഥാന മിഷന് നൽകുക. (30 ഏപ്രിൽ).<br>സംസ്ഥാനമിഷൻ – കഫേ യൂണിറ്റുകളുടെ വിവരങ്ങളും വിശദാംശങ്ങളും ഉൾപ്പെടുത്തി ഒരു ബ്രോഷർ തയ്യാറാക്കുക.<br>സംസ്ഥാന/ജില്ലാ മിഷൻ – ഓരോ കഫേ യൂണിറ്റിന്റേയും വരുമാനം രേഖപ്പെടുത്താൻ മോണിറ്ററിംഗ് ടേബിൾ തയ്യാറാക്കി വെബിൽ പരസ്യപ്പെടുത്തുക. യൂണിറ്റുകളെ മോണിറ്റ റിംഗ് ചെയ്ത് മാസവിൽപ്പന വെബിൽ രേഖ പ്പെടുത്തുക.<br>സംസ്ഥാനമിഷൻ – ജില്ലാ തലങ്ങളിലും സംസ്ഥാന തലങ്ങളിലും ഒരു പാചക മത്സരം സംഘടിപ്പിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശം തയ്യാ റാക്കുക |
| 14 | **റൂറൽ ഹാട്ടുകൾ** | ജില്ലകൾ – കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെ പദ്ധതി പ്രകാരം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തല ത്തിൽ ഹാട്ടുകൾ സ്ഥാപിക്കാൻ സ്ഥലം ലഭ്യ മാക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്തിന് നൽകുക. 50 പഞ്ചായത്തുകളുടെ അനുമതി നേടിയെടുക്കുക. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ –4 വീതം, പത്തനംതിട്ട, ഇടുക്കി – 3 വീതം, തൃശ്ശൂർ, പാലക്കാട്, മല പ്പുറം–5 വീതം, വയനാട് –1 കാസർഗോഡ് –2 |
| 15 | **സപ്ലൈക്കോ, ത്രിവേണി, തുടങ്ങിയ ഔട്ട്ലെറ്റുകളിൽ നാനോ മാർക്കറ്റ് സ്ഥാപിക്കാൻ** | സംസ്ഥാനമിഷൻ – എം.ഒ.യു. ഒപ്പിടുക. ജില്ലകൾക്ക നിർദ്ദേശം നൽകുക |
| 16 | **പാക്കിംഗ്/ലേബലിംഗ് (സി.ഇ.എഫ് ഫണ്ട് ഉപയോഗിച്ച്)** | ജില്ലകൾ – സി.ഇ.എഫ്. ഫണ്ടിന്റെ ഉപയോഗം മോണിറ്ററിംഗ് ചെയ്യുകയും സി.ഇ.എഫ് ഉപ യോഗുച്ച് പാക്കിംഗ് മെച്ചപ്പെടുത്താൻ കുറ ഞ്ഞത് 5 യൂണിറ്റുകൾക്ക് സപ്പോർട്ട് നൽകുക. |
| 17 | **ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കിയോസ്കുകൾ** | ജില്ലകൾ – കുറഞ്ഞത് 5 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിക്കാനുള്ള നടപടി ആരംഭിക്കുക. |

## *V. അഗ്രിക്കൾച്ചർ*

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | **ജൈവകൃഷി:–**<br>പതിനായിരം ഹെക്ടർ സ്ഥലത്ത് ഇരുപതിനായിരം വനിതാ കൃഷി സംഘങ്ങളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി ആരംഭിക്കും. വരും വർഷങ്ങളിൽ ജൈവ അംഗീകാരമുള്ള കുടുംബശ്രീ കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിൽ ഉറപ്പാക്കും. | ജൈവകൃഷിക്ക് അനുയോജ്യമായ കൃഷി സ്ഥലങ്ങൾ കണ്ടെത്തും. 400 പരിശീലകരെ തിരഞ്ഞെടുത ്ത് പരിശീലനം നൽകും. |
| 2 | **പാഷൻ ഫ്രൂട്ട് കൃഷി:–**<br>പാഷൻ ഫ്രൂട്ടിന്റെ വർദ്ധിച്ചുവരുന്ന സ്വീകാര്യതയും സാധ്യതയും കണക്കിലെടുത്ത് ഓരോ ജില്ലകളിലും പതിനായിരം തൈകൾ വീതം നട്ടുകൊണ്ട് മെയ് മാസം മുതൽ കൃഷി ആരംഭിക്കും. ഇതിനായി 40,000 വനിതാകർഷകരെ മൂല്യവർദ്ധിത ഉൽപ്പാദനത്തിനടക്കം പരിശീലിപ്പിക്കും | ജീവ ടീമിന് പരിശീലനം നൽകും. അവരെ ഉപയോഗിച്ച് കർഷകർക്ക് കൃഷിക്കാവശ്യമായ പരിശീലനം നൽകി തുടങ്ങും. എല്ലാ ജില്ലകളിലും നടീൽ പൂർത്തിയാക്കും |
| 3 | **സമഗ്ര വാഴകൃഷി:–**<br>ഓണം 2018 ലക്ഷ്യമിട്ടുകൊണ്ട് നിലവിൽ 5000 ഹെക്ടർ സ്ഥലത്ത് ആരംഭിച്ചുകഴിഞ്ഞ വാഴകൃഷി 2000 ഹെക്ടർ സ്ഥലത്തുകൂടി വ്യാപിപ്പിക്കും. ചിപ്സ്, ഉപ്പേരി തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും വരുമാനവർദ് ധനവ് ഉറപ്പാക്കുന്നതിനു മായി 600 ചെറുകിട സംരംഭങ്ങൾ കേരളത്തിലുടനീളം ആരംഭിക്കും. | നിലവിലുള്ള വാഴകൃഷിയുടെ വിശദമായ വിവരശേഖരണം തുടങ്ങും. |
| 4 | **തരിശ്ശുരഹിത ഗ്രാമങ്ങൾ:–**<br>എല്ലാ ജില്ലകളിലും 100 ഏക്കർ വീതം തരിശുനിലങ്ങൾ കൃഷിക്കായി ഏറ്റെടുക്കും. തൊഴിലുറപ്പ് പദ്ധതി, കൃഷിവകുപ്പ്, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടുകൂടി യായിരിക്കും പദ്ധതി നടപ്പിലാക്കുക | തരിശ്ശായി കിടക്കുന്ന കൃഷിക്കനുയോജ്യമായ കൃഷിയിടങ്ങളുടെ സർവ്വേ ആരംഭിക്കും |
| 5 | **കുടുംബശ്രീ പ്ലാന്റ് നഴ്സറികൾ:–**<br>കുടുംബശ്രീയുടെ വനിതാകൃഷി സംഘങ്ങൾക്കും പൊതുജനങ്ങൾക്കും ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള വിവിധയിനം തൈകൾ ലഭ്യമാക്കുന്നതിനും ഒരു ജില്ലയിൽ പത്ത് എന്ന കണക്കിന് 140 നഴ്സറികൾ തുടങ്ങും. താത്പര്യമുള്ള സംഘങ്ങളെ കണ്ടെത്തി വിശദ പരിശീലനം നൽകും. | താത്പര്യമുള്ള യൂണിറ്റുകളെ കണ്ടെത്തും |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ-9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 6 | **അഗ്രി തെറാപ്പി:-**<br>നിലവിലുള്ള കുടുംബശ്രീയുടെ ബഡ്സ് സ്കൂളുകളിലും റീഹാബിലിറ്റേഷൻ സെന്ററുകളിലും അന്തേവാസികളുടെ മാസിക-ശീരീരിക ഉന്നമനത്തിന് വേണ്ടി പച്ചക്കറി കൃഷി തുടങ്ങും കുടുംബശ്രീയിലെ മാസ്റ്റർ കർഷകരായിരിക്കും ഇതിന് നേതൃത്വം നൽകുക | അഗ്രി തെറാപ്പി പദ്ധതി നടപ്പിലാക്കാൻ അനുയോജ്യമായ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കും |
| 7 | **പ്രൊഡ്യൂസർ കമ്പനികൾ:-**<br>ഓരോ ജില്ലയിലും ഓരോന്ന് വീതം 14 പ്രൊഡ്യൂസർ കമ്പനികൾ വിവിധ കാർഷിക ഉൽപ്പന്നങ്ങൾക്കായി ആരംഭിക്കു. ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ കുടുംബശ്രീയും നബാർഡും ചേർന്ന് നൽകും. | ജില്ലാതല ഉദ്യോഗസ്ഥരുടെ പരിശീലനം പൂർത്തിയാക്കും. കമ്പനി രൂപീകരിക്കാൻ ആവശ്യമായ കർഷകരുടെ മൊബിലൈസേഷൻ ആരംഭിക്കും |
| 8 | **എസ്എഫ്എസി യുമായി ചേർന്ന് മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ:-**<br>തേങ്ങയുടെയും വാഴപ്പഴത്തിന്റേയും മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ 50-20 35-20 വീതം എസ്എഫ്എസിയുമായി ചേർന്ന് ആരംഭിക്കും. 5 കോമൺ ഫെസിലിറ്റി സെന്ററുകൾ ഉൾപ്പെടുന്ന ഈ ശൃംഖല പൂർണ്ണമായും കുടുംബശ്രീയുടെ മേൽനോട്ടത്തിലായിരിക്കും നടപ്പിലാക്കുക | ഉൽപ്പന്ന സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ള യൂണിറ്റുകളെ കണ്ടെത്താനും പരിശീലനവും തുടങ്ങും |
| 9 | **പട്ടികവർഗ്ഗമേഖലയിൽ കൂടുതൽ കൃഷി സംഘങ്ങൾ, മാസ്റ്റർ കർഷകർ:-**<br>തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പട്ടിക വിഭാഗത്തിൽപ്പെട്ട വനിതകളുടെ സാമൂഹിക-സാമ്പത്തിക ഉന്നതിക്കായി 200 കൃഷി സംഘങ്ങൾ പുതുതായി രൂപവത്ക്കരിക്കും. ഇവർക്ക് പരിശീലനം നൽകാൻ 200 മാസ്റ്റർ കർഷകരെയും തിരഞ്ഞെടുക്കും | കൃഷി സംഘ രൂപവൽക്കരണത്തിനാവശ്യമായ മൊബിലൈസേഷൻ തുടങ്ങും. കൃഷി സംഘങ്ങൾ രൂപവത്ക്കരിക്കും. |
| 10 | **ഔഷധസസ്യ കൃഷി:-**<br>തിരഞ്ഞെടുത്ത 5 ജില്ലകളിൽ 100 ഹെക്ടർ വീതം ആകെ 500 ഹെക്ടർ സ്ഥലത്ത് വ്യാവസായികാടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളുടെ കൃഷി, തുടങ്ങും. 2000 കർഷക സംഘങ്ങൾ പങ്കാളികളാകും. | മൊബിലൈസേഷനും പരിശീലനവും തുടങ്ങും |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 11 | **നെല്ല് പ്രൊഡ്യൂസർ കമ്പനി:–** കുടുംബശ്രീയുടെ മേൽനോട്ടത്തിൽ സംസ്ഥാനത്താകെ 10 നെല്ല് പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കും. ഇവയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാനതല കമ്പനി രൂപീകരിക്കും. | |
| 12 | **കർഷകർക്കുള്ള സാമ്പത്തിക സഹായങ്ങൾ:–** 60,000 ത്തിൽ പരം വരുന്ന കർഷക സംഘങ്ങൾക്ക് വായ്പയെ അടിസ്ഥാന മാക്കി പലിശയിളവും കാർഷിക സ്ഥല വിസ്തൃതി അനുസരിച്ച് സാമ്പത്തിക സഹായവും നൽകും. 10 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട് . | അപേക്ഷകൾ സ്വീകരിച്ചു തുടങ്ങും |

## *VI. അനിമൽ ഹസ്ബന്ററി*

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ–9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | 4 ഹാച്ചറികൾ | 1 ഹാച്ചറികളുടെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. |
| 2 | 1000 കോഴികൾ അടങ്ങുന്ന 500 ബ്രോയിലർ കോഴി ഫാമുകൾ | 100 ഫാമുകൾ ആരംഭിക്കേണ്ടതാണ്. |
| 3 | സി.ഡി.എസ് തലത്തിൽ 14 സെയിൽസ് ഔട്ട്ലെറ്റുകൾ | 1 സെയിൽസ് ഔട്ട്ലെറ്റ് ആരംഭിക്കേണ്ടതാണ്. |
| 4 | തീറ്റ വിതരണം ചെയ്യുന്ന 3 യൂണിറ്റുകൾ | 1 യൂണിറ്റ് ആരംഭിക്കേണ്ടതാണ്. |
| 5 | സംസ്ഥാനമൊട്ടാകെ 500 ആടുഗ്രാമം ഗ്രൂപ്പുകൾ | 50 യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. |
| 6 | സംസ്ഥാനമൊട്ടാകെ 100 ക്ഷീര സാഗരം ഗ്രൂപ്പുകൾ | 20 യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. |
| 7 | എ.ബി.സി പദ്ധതി നടപ്പിലാക്കാൻ ഓരോ ബ്ലോക്കിലും ഓരോ എ.ബി.സി സെന്റർ പ്രവർത്തനക്ഷമമാക്കുക | പരിശീലനം ലഭ്യമായ യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുകയും പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക. |

## *VII. സാമൂഹ്യ വികസനം*

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ജൂൺ-9 നകം കൈവരിക്കേണ്ട പുരോഗതി |
|---|---|---|
| 1 | കേരളത്തിലെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും **അഗതിരഹിത കേരളം പദ്ധതി** നടപ്പിലാക്കുക | 80% പ്രോജക്റ്റുകൾ സർക്കാരിലേക്ക് സമർപ്പിക്കുക |
| 2 | അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള **5,000 പേർക്കെങ്കിലും തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിലും** ലഭ്യമാക്കുക. | തൊഴിൽ നൈപുണ്യ പരിശീലനം നേടാൻ കഴിവുള്ളവരും തൊഴിൽ സാധ്യത ഉള്ളവരുമായ ഗുണഭോക്താക്കളെ കണ്ടെത്തുക |
| 3 | **ബാലസഭാ വിവര ശേഖരണം, റിസോഴ്സ് പേഴ്സൺ ട്രെയിനിങ്** മുതലായവ വഴി ബാലസഭയെ ശക്തിപ്പെടുത്തുക | 14 ജില്ലകളിലും ബാലസഭാ വിവര ശേഖരണം പൂർത്തിയാക്കുക |
